പത്രക്കുറിപ്പ്
28/12/2017

**കുടുംബശ്രീ സാമ്പത്തിക സാക്ഷരതാ ക്യാമ്പെയ്ൻ വിജയകരം;**
**11000 അയൽക്കൂട്ടങ്ങൾ കൂടി ബാങ്ക് വായ്പ സഹായം നേടി**

---

തിരുവനന്തപുരം: നാളിതുവരെ ബാങ്ക് വായ്പ സഹായം നേടാത്ത അയൽക്കൂട്ടങ്ങൾക്കിടയിൽ കുടുംബശ്രീ നടത്തിയ സാമ്പത്തിക സാക്ഷരതാ ക്യാമ്പെയ്ൻ വിജയകരം. ഈ സാമ്പത്തിക വർഷം ക്യാമ്പെയ്ൻ വഴി 11000 അയൽക്കൂട്ടങ്ങൾക്ക് കൂടി ബാങ്ക് വായ്പ സഹായം നൽകാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞു. ലളിതമായ നടപടി ക്രമങ്ങളിലൂടെ അയൽക്കൂട്ടങ്ങൾക്ക് വായ്പ സഹായം ബാങ്കുകൾ നൽകി വരുന്ന സാഹചര്യമാണുള്ളത്. ഇത് കൂടാതെ വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് ഉടൻ തന്നെ പലിശ സബ്സിഡിയും കുടുംബശ്രീ നൽകുന്നു. ഫലത്തിൽ ഈ വായ്പകൾക്ക് പലിശ വെറും നാല് ശതമാനം മാത്രമാകും.

ഈ അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും വായ്പ സഹായം തേടാൻ പല അയൽക്കൂട്ടങ്ങളും തയാറായിരുന്നില്ല. ഈ അയൽക്കൂട്ടങ്ങളെ പ്രത്യേകം കണ്ടെത്തിയാണ് അവർക്ക് സാമ്പത്തിക സാക്ഷരതാ ക്യാമ്പെയ്ൻ നടത്തിയത്. ആകെ 2.7 ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളാണ് കുടുംബശ്രീയ്ക്ക് കീഴിലുള്ളത്. ഇതിൽ 84281 അയൽക്കൂട്ടങ്ങൾ ബാങ്ക് വായ്പ സഹായം ഇതുവരെ നേടിയിരുന്നില്ല. ഈ അയൽക്കൂട്ടങ്ങൾക്കായി നടത്തിയ ക്യാമ്പെയ്ൻ വഴിയാണ് 11000 സംഘങ്ങൾ വായ്പ സ്വന്തമാക്കിയത്. 14 ജില്ലാ മിഷനുകൾക്ക് കീഴിൽ സിഡി എസ് വഴി 1603 ക്യാമ്പെയ്നുകൾ ഇതുവരെ സംഘടിപ്പിച്ചു കഴിഞ്ഞു. ഈ സാമ്പത്തിക വർഷ ത്തിൽ 20000 അയൽക്കൂട്ടങ്ങൾക്ക് കൂടി ബാങ്ക് ലിങ്കേജ് സാധ്യമാക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

ബാങ്ക് ലിങ്കേജ് നടത്താത്ത അയൽക്കൂട്ടങ്ങളിൽ നിന്നുള്ള പ്രതിനിധികളെ വിളിച്ചുകൂട്ടി റിസോഴ്സ് പേഴ്സൺമാർ വഴി വായ്പയെക്കുറിച്ചും അത് ലഭിക്കാനുള്ള വഴികളെക്കുറിച്ചും നിബന്ധനകളെക്കുറിച്ചും പലിശ ഇളവ് അടക്കമുള്ള ഗുണങ്ങളെക്കുറിച്ചുമെല്ലാം ക്ലാസ്സുകൾ നൽകുകയാണ് ക്യാമ്പെയ്ൻ വഴി ചെയ്യുക. പലിശയുടെ നിരക്ക് അനുസരിച്ച് കുടുംബശ്രീ 8.5 ശതമാനം വരെ പലിശ സബ്സിഡി നൽകും. 12.5 ശതമാനം പലിശയ്ക്ക് വായ്പ എടുത്ത അയൽക്കൂട്ടങ്ങൾക്ക് നാല് ശതമാനം മാത്രമേ പലിശ നൽകേണ്ടതായി വരൂ. മൂന്ന് ലക്ഷം വരെയുള്ള വായ്പകൾക്കാണ് സബ്സിഡി നൽകുന്നത്. വായ്പ എടുത്ത തിന്റെ രേഖകൾ ജില്ലാ മിഷനിൽ എത്തിക്കുമ്പോൾ തന്നെ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് അക്കൗണ്ട് വഴി ഉടൻ തന്നെ പലിശ ഇളവ് തുക നൽകുന്ന പതിവാണ് കുടുംബശ്രീ പിന്തുടരുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ